**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2091** **06.10.2016 -ൽ മറുപടിക്ക്**

**നെന്മാറ നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ പുനർ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ബാബു** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) നെന്മാറ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) നെന്മാറ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാലങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് പ്രത്യേക സർവ്വേകളൊന്നും ഇതുവരെ നടത്തിയിട്ടില്ല. ഈ നിയോജക മണ്ഡലത്തിൽപ്പെട്ട ഊട്ടറ പാലത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ പാലത്തിന്റെ കാലപ്പഴക്കത്തെ സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല. |
| (ബി) എങ്കിൽ ഈ പാലങ്ങൾ എന്ന് നിർമ്മിച്ചവയാണെന്നും, നിലവിലെ ഇതിന്റെ അപകടസ്ഥിതി സംബന്ധിച്ചും വിശദമാക്കുമോ; | (ബി) ഏകദേശം 70 വർഷം മുമ്പാണ് ഊട്ടറ പാലം നിർമ്മിച്ചത്. കാലപ്പഴക്കത്താൽ നിലവിൽ ഈ പാലം അപകടാവസ്ഥയിലാണ്. നിലവിൽ പാലത്തിന്റെ അടിയിൽ പല ഭാഗത്തും കോൺക്രീറ്റ് അടർന്നു വീണ് കമ്പി പുറത്തു കാണുന്ന വിധത്തിലാണ്. |
| (സി) ഇത്തരം പാലങ്ങളുടെ പുനർ നിർമ്മാണത്തിന് അടിയന്തരമായി ഫണ്ട് വകയിരുത്താനുള്ള നടപടി സ്വീകരിക്കുമോ? | (സി) പാലത്തിന്റെ പുനർ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ ബ്രിഡ്ജ് വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമായതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**